# പതിമൂന്നാം കേരള നിയമസഭ

## (പതിനാലാം സമ്മേളനം)

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2965 13/07/2015-ൽ മറുപടിയ്ക്ക്**

**മത്സ്യഗ്രാമ വികസന പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വർക്കല കഹാർ:**<br>**ശ്രീ. ഹൈബി ഈഡൻ:**<br>**ശ്രീ. കെ. ശിവദാസൻ നായർ:**<br>**ശ്രീ. എം. എ. വാഹീദ്:** | **ശ്രീ. കെ. ബാബു**<br>**(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി):** |
| (എ) **മത്സ്യഗ്രാമ വികസന പദ്ധതിക്ക് തുടക്കമിട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ; പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ;** | (എ) സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിലുൾപ്പെടുത്തി വികസനപരമായി പിന്നോക്കം നിൽക്കുന്ന തെരെഞ്ഞെടുത്ത 57 മത്സ്യഗ്രാമങ്ങളിൽ കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനായി സംസ്ഥാന ബഡ്ജറ്റിൽ 2012-13 സാമ്പത്തിക വർഷത്തിൽ 50 കോടി രൂപയും 2013-14 സാമ്പത്തിക വർഷത്തിൽ 40 കോടി രൂപയും 2014-15 സാമ്പത്തിക വർഷത്തിൽ 23.88 കോടി രൂപയുടെയും പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട് തീരദേശ വകസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്ന ടി പദ്ധതി നിർവ്വഹണം പുരോഗമിച്ചു വരുന്നു.<br><br>സംയോജിത മത്സ്യഗ്രാമ വികസന പദ്ധതിലുൾപ്പെടുത്തി വികസന പരമായി പിന്നോക്കം നിൽക്കുന്ന തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യ ഗ്രാമങ്ങളിൽ പ്രധാനമായും കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങളാണ് ലക്ഷ്യമിട്ടിരിക്കുന്നത്. |
| (ബി) **ഏതെല്ലാം ഏജൻസികളാണ് ഇതുമായി സഹകരിക്കുന്നത്;** | (ബി) സംസ്ഥാന ഫിഷറീസ് വകുപ്പ്, കേരള വാട്ടർ അതോറിറ്റി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവരുടെ സഹകരണത്തോടെയാണ് സംയോജിത മത്സ്യഗ്രാമ വികസനപദ്ധതി നടപ്പിലാക്കുന്നത്. |

| | | | |
|---|---|---|---|
| (സി) | **പ്രസ്തുത പദ്ധതിയിലൂടെ എന്തെല്ലാം സൗകര്യങ്ങളാണ് മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ?** | (സി) | കുടിവെള്ള വിതരണം, വൈദ്യുതീകരണം, സാനിട്ടേഷൻ, ലൈബ്രറി സഹായം, ജീവനോപാധി സഹായം എന്നീ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കുന്നത്. ഇതുവരെ ഭരണാനുമതി നൽകിയ വിവിധ പദ്ധതികളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു. |

കുടിവെള്ള വിതരണം (57 എണ്ണം)
- 51.39 കോടി രൂപ

വൈദ്യുതീകരണം (57 എണ്ണം)
- 23.03 കോടി രൂപ

സാനിട്ടേഷൻ (20 പബ്ലിക് ടോയ്‌ലറ്റ്,3525 വ്യക്തിഗത ടോയ്‌ലറ്റുകൾ) - 11.58 കോടി രൂപ

ലൈബ്രറി സഹായം (32 എണ്ണം)
- 8.99 കോടി രൂപ

ഹൈമാസ്റ്റ് ലൈറ്റുകൾ (104 എണ്ണം)
- 7.79 കോടി രൂപ

ജീവനോപാധി സഹായം (1 മത്സ്യമാർക്കറ്റ്, 1862 വള്ളവും വലയും) - 8.90 കോടി രൂപ

കൂടാതെ ചുവടെ ചേർക്കുന്ന പദ്ധതികൾ ഫിഷറീസ് വകുപ്പ് നേരിട്ട് നടപ്പിലാക്കുന്നു

1. ഭവന രഹിതരായ 1800 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് 2 ലക്ഷം രൂപ വീതം ഭവന നിർമ്മാണ ധനസഹായം നൽകുന്നു.

2. 1000 മത്സ്യത്തൊഴിലാളി ഭവനങ്ങൾ അറ്റകുറ്റ പണി നടത്തുന്നതിന് 50000/-രൂപ വീതം ധനസഹായം നൽകുന്നു.

3. 1336 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് വ്യക്തിഗത സാനിട്ടേഷൻ ഒരുക്കുന്നതിന് 17,500/- രൂപ വീതം ധനസഹായം അനുവദിച്ചു. മത്സ്യഗ്രാമ വികസന പദ്ധതിയുടെ നിർവ്വഹണം പുരോഗമിച്ചു വരുന്നു.

**സെക്ഷൻ ആഫീസർ**